കമ്മീഷനു വിട്ടുകൊടുക്കാൻസാധിക്കുകയുള്ളുവെന്ന് ബഹുമാനപ്പെട്ട മുഖ്യ മന്ത്രി പറയുകയുണ്ടായി. ഒരു പക്ഷേ ബോർഡ് ഇതു പി. എസ്. സി. ക്കു വിട്ടുകൊടുക്കേണ്ടെന്നു തീരുമാനിക്കുകയാണെങ്കിൽ അതു നടക്കാതെ വരുന്ന പരിതഃസ്ഥിതിയുണ്ടാകുകയില്ലേ?

ശ്രീ. സി. അച്യുതമേനോൻ: അങ്ങനെ വരുകയില്ല. കാരണം ഗവൺമെൻറിന് ബോർഡിൽ ഭൂരിപക്ഷമുണ്ട്. ഗവൺമെൻറ് ഡയറക്ഷൻ കൊടുക്കും. അപ്പോഴാ തീരുമാനമെടുക്കും.

ശ്രീ. എ. എസ്. പുരുഷോത്തമൻ: മുൻഗവൺമെൻറിൻെറ കാലത്ത് കോർപ്പറേഷനുകളിലെ നിയമനങ്ങളെല്ലാം പബ്ളിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കണമെന്ന് അപ്പുറത്തിരിക്കുന്നവർ വളരെ ശക്തിയായി വാദിക്കുകയുണ്ടായി. ഈ ഗവൺമെൻറുവന്നതിനുശേഷം ട്രാൻസ്പോർട്ട് കാർപ്പറേഷനിലെ നിയമനം മാത്രം വിട്ടുകൊടുത്തുകൊണ്ട് ബാക്കിയുള്ളതു നീട്ടിക്കൊണ്ടുപോകുന്നത് ഭരണകക്ഷിയംഗങ്ങളെ ചെയർമാൻമാരായിട്ടുള്ള സ്ഥാപനങ്ങളിൽ അവരുടെ പാർട്ടിക്കാരെ നിയമിക്കുന്നതിനും അഴിമതിനടത്തുന്നതിനും വേണ്ടിയല്ലേ? വിശേഷിച്ചു വലതു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആഫീസുകളെ ഇന്ന് റിക്രൂട്ടിംഗ് ആഫീസുകളായി മാറിയിട്ടുണ്ടെന്നറിയാമോ?

ശ്രീ. സി. അച്യുതമേനോൻ: അങ്ങനെയുള്ള യാതൊരു പ്രശ്നവും ഉത്ഭവിക്കുന്നില്ല. കാരണം പബ്ളിക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുക്കണമെന്നുള്ള തീരുമാനത്തിൽ ഉറച്ചുനിന്നുകൊണ്ട് ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും വേഗത്തിൽ നടപടികളും നടത്തിക്കൊണ്ടിരിക്കുകയാണ്. ഒരു നിയമം പാസ്സാക്കാതെ പബ്ളിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിച്ചുകൊടുത്താൽ അതുകൊണ്ട് യാതൊരു വിലയുമില്ല. അവർ അതു കേൾക്കുകയുമില്ല. അതുകൊണ്ട് നിയമം പാസ്സാക്കുകയാണ് പ്രധാനമായിട്ടു വേണ്ടത്. അതാണ് ഇപ്പോൾ ചെയ്യുന്നത്.

അസിസ്റ്റൻറ് പ്രോസിക്യൂട്ടർ, പബ്ലിക്ക് പ്രോസിക്യൂട്ടർ, ഗവൺമെൻറ് പ്ലീഡർ എന്നിവരുടെ നിയമനം

* 161 [592] ശ്രീ. വി. വി. കുഞ്ഞാമ്പു:
,, പി. പി. കൃഷ്ണൻ
,, പി. കെ. കുഞ്ഞച്ചൻ
,, ആർ. കൃഷ്ണൻ (പാലക്കാട്)
,, എ. പി. കുര്യൻ
,, എം. കെ. എ. ഹമീദ്
,, സി. കണ്ണൻ
,, സി. ബി. ചന്ദ്രശേഖരവാര്യർ
,, ഈ. എം. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം അസിസ്റ്റൻറ് പ്രോസിക്യൂട്ടർ, പബ്ലിക്ക് പ്രോസിക്യൂട്ടർ, ഗവൺമെൻറ് പ്ലീഡർ എന്നീ തസ്തികകളിലേക്ക് എത്രപേരെ നിയമിച്ചിട്ടുണ്ട്.

(ബി) അവരുടെ ലിസ്റ്റ് മേശപ്പുറത്തു വയ്ക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ഉദ്യോഗസ്ഥൻമാർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളോ, രേണകകഷിക്കാരുടെ ബന്ധുക്കളോ ആണെന്നുള്ള ആക്ഷേപം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) അസിസ്റ്റൻറ് പബ്ലിക്ക് പ്രോസിക്യൂട്ടർ തസ്തികയിൽ രണ്ടു പേരെയും, ഹൈക്കോടതിയിൽ ഗവൺമെൻറ് പ്ലീഡർ തസ്തികയിൽ പതിനൊന്നുപേരെയും, സബോർഡിനേറ്റ് കോടതികളിൽ ഡിസ്ട്രിക്റ്റ് ഗവൺമെൻറ് പ്ലീഡർ, പബ്ലിക്ക് പ്രോസിക്യൂട്ടർ തസ്തികയിൽ ഏഴുപേരെയും, അഡീഷണൽ ഗവൺമെൻറ് പ്ലീഡർ അഡീഷണൽ പബ്ലിക്ക് പ്രോസിക്യൂട്ടർ തസ്തികയിൽ അഞ്ചുപേരെയും നിയമിച്ചിട്ടുണ്ട്.

(ബി) ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്*.

(സി) ഗവൺമെൻറ് പ്ലീഡറൻമാരുടെ നിയമനത്തെ സംബന്ധിച്ച് പത്രപംക്തിയിലൂടെ ഒരാക്ഷേപം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. വി. വി. കുഞ്ഞമ്പു: ഈ പബ്ലിക്ക് പ്രോസിക്യൂട്ടറൻമാരുടെ നിയമനാവസരംവരുമ്പോഴെ ആ നിയമനങ്ങളെസംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിൻെറ അഭിപ്രായം ആരായാറുണ്ടോ? ഈ അടുത്തകാലത്ത് നടന്നുവെന്നു പറയുന്ന നിയമനങ്ങളെസംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ വല്ല ലിസ്റ്റും അയയ്ക്കുകയോ അവരിൽനിന്നും ആരെയെങ്കിലും നിയമിക്കുകയോ ചെയ്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. സി. അച്യുതമേനോൻ: നിയമനങ്ങളെസംബന്ധിച്ച ചട്ടം അനുസരിച്ച് അഡ്വക്കേറ്റ് ജനറൽ പാനൽ അയയ്ക്കുന്നത് ഹൈക്കോടതിയിലെ ഗവൺമെൻറ് പ്ലീഡറൻമാരുടെ കാര്യത്തിൽ മാത്രമാണ്. ഡിസ്ട്രിക്ടിലുള്ള ഗവൺമെൻറു പ്ലീഡറൻമാരുടെയും പ്രോസിക്യൂട്ടറൻമാരുടെയും പാനൽ അയയ്ക്കുന്നത് ഡിസ്ട്രിക്ട് ജഡ്ജും ഡിസ്ട്രിക്ട് കളക്ടറും കൂടിയാണ്. ഹൈക്കോടതിയിലേക്ക് അഡ്വക്കേറ്റ് ജനറൽ പാനൽ അയച്ചിട്ടുണ്ടായിരുന്നു. ആ പാനലിൽനിന്നും തന്നെയാണ് നിയമനം നടത്തിയിരിക്കുന്നത്.

ശ്രീ. എ. പി. കുര്യൻ: പത്രപംക്തികളിൽ ചില പരാതികൾ കണ്ടതായിട്ട് മുഖ്യമന്ത്രി പറഞ്ഞു. ഈ പരാതികളെക്കുറിച്ച് ഗവൺമെൻറ് ഭാഗത്തുനിന്നും വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: അന്വേഷണം നടത്തേണ്ട ആവശ്യമില്ല. പല ഗവൺമെൻറ് പ്ലീഡറൻമാരും ഏതോ ചില പാർട്ടികളുടെ അനുഭാവികളാണെന്നും ചില ആളുകളുടെ ബന്ധുക്കളാണെന്നുമാണ് ആരോപണം. അതു ശരിയായ വിമർശനമാണെന്നു തോന്നുന്നില്ല. യോഗ്യതയുണ്ടോ എന്നുള്ളതാണ് പ്രശ്നം, പാനലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നുള്ളതാണ് പ്രശ്നം. അഡ്വക്കേറ്റ് ജനറലും ഡിസ്ട്രിക്ട് കളക്ടറൻമാരും നൽകുന്ന പാനലിൽനിന്നും നിയമിക്കുമ്പോഴെ അയാൾ ഏതുപാർട്ടിയിൽപ്പെട്ട ആളാണെന്നോ ആരുടെ ബന്ധുവാണെന്നോ അന്വേഷിക്കേണ്ട കാര്യമില്ല. അങ്ങനെ അന്വേഷിച്ചിട്ടുമില്ല.

ശ്രീ. എ. പി. കുര്യൻ: ഈ പറയുന്ന ആരോപണങ്ങളുടെ കൂട്ടത്തിൽ വലതുകമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഒരു പ്രമുഖ നേതാവായ സഖാവ് ഉണ്ണി

* Appendix I

LIBRARY ARCHIVES Kerala Legislative Assembly

രാജായുടേയും കേരളാകാൺ[ഗസ്സിന്റെ [പമുഖനേതാവായ [ശീ. ആർ. ബാലകൃഷ്ണപിള്ളയുടേയും ബന്ധുക്കളും ഈ നിയമിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയതായി ഉള്ള പരാതി ഗവൺമെന്റിന്റെ [ശദ്ധയിൽപ്പെട്ടിട്ടുണ്ടോ?

[ശീ. സി. അച്യുതമേനോൻ: അങ്ങനെ പരാതി പറഞ്ഞതുകൊണ്ട് യാതൊരു [പയോജനവുമില്ല. അതിൽ ഒന്നും പരിശോധിക്കേണ്ടതില്ല. [ശീമാൻ ഉണ്ണിരാജയെ എനിക്ക് പേഴ്സണലായിട്ട് അറിയാമെന്നുള്ളതുകൊണ്ട് അന്വേഷിക്കേണ്ട കാര്യമില്ല. [ശീമാൻ ഉണ്ണിരാജയുടെ അനുജന്റെ പേര് മുൻ ഗവൺമെന്റിന്റെ കാലത്ത്, [ശീമതി ഗൗരിയമ്മ ലാ മിനിസ്റ്റർ ആയിരുന്ന കാലത്ത് ലഭിച്ച ലിസ്റ്റിൽ ഉണ്ടായിരുന്നതാണ്. അതുകൊണ്ട് അദ്ദേഹത്തെ നിയമിച്ചതിൽ യാതൊരു അഴിമതിയുമില്ല. യാതൊരു തെറ്റുമില്ല. അതുകൊണ്ട് അന്വേഷണം നടത്തേണ്ട ആവശ്യവുമില്ല.

[ശീമതി കെ. ആർ. ഗൗരി: സർ, ചോദ്യോത്തരസമയം കഴിഞ്ഞ് എനിക്ക് ഒരു പേഴ്സണൽ എക്സ്പ്ലനേഷനു സമയംതരണം.

മി. സ്പീക്കർ: 9 ബഹുമാനപ്പെട്ട മെംബർമാർ ചോദ്യം ചോദിച്ചിട്ടുണ്ട്. അവരെ ഓരോരുത്തരെയായി വിളിച്ചശേഷം ബഹുമാനപ്പെട്ട മെംബറെയും വിളിക്കാം.

[ശീ. പി. കെ. കുഞ്ഞച്ചൻ: ഗവൺമെന്റ് പ്ലീഡർമാരായി നിയമിച്ച ആളുകളും വക്കീൽപ്പണിയിൽ കേസൊന്നും കിട്ടാത്ത, കാശില്ലാത്ത വക്കീലമാരാണെന്നുള്ള കാര്യം [ശദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇൻകംടാക്സ് കൊടുക്കുന്ന എത്ര ഗവൺമെന്റ് പ്ലീഡർമാരെ നിയമിച്ചിട്ടുണ്ടെന്നു പറയാമോ? ഇൻകംടാക്സ് കൊടുക്കുന്നതിന് ആണ്ടിൽ 10 റിട്ട് പെറ്റീഷൻ കിട്ടിയാൽ മതി. അങ്ങനെ ഇൻകംടാക്സ് കൊടുക്കാത്ത എത്രപേരെ നിയമിച്ചിട്ടുണ്ട്?

[ശീ. സി. അച്യുതമേനോൻ: അതു [പത്യേകം ചോദിച്ചാൽ ഡീറ്റെയിൽസ് അന്വേഷിച്ച് മറുപടിപറയാം. അഡ്വക്കേറ്റ് ജനറൽ ചില ആളുകളുടെ പേരു റെക്കമെന്റ് ചെയ്യുമ്പോഴും ഗവൺമെന്റ് അതനുസരിച്ച് നിയമിക്കും. ഇപ്പോഴുള്ള ആളുകളും [പാപ്തൻമാരായ വക്കീലൻമാരാണെന്നാണ് അന്വേഷണത്തിൽനിന്നും എനിക്കു കിട്ടിയ അറിവ്. പല ആളുകളെ സംബന്ധിച്ചും ഡിസ്ട്രിക്ട് ജഡ്ജിയും കളക്ടറും അയച്ചിട്ടുള്ള റിപ്പോർട്ടുകളും (നിർഭാഗ്യവശാൽ ആ റിപ്പോർട്ടുകളും ഇപ്പോൾ എന്റെ കൈവശമില്ല) അനുസരിച്ചാണ് നിയമനം നടത്തിയിട്ടുള്ളത്.

[ശീ. പി. കെ. കുഞ്ഞച്ചൻ: ഇൻകംടാക്സ് കൊടുക്കാത്ത എത്ര ആളുകളെ നിയമിച്ചിട്ടുണ്ട്.

Mr. Speaker: He has already claimed notice for that.

[ശീ. ആർ. കൃഷ്ണൻ (പാലക്കാട്): ഈയിടെ നിയമിച്ചതിൽ പാലക്കാട്ടു നിയമിച്ചത് രാമകൃഷ്ണൻ എന്നു പറയുന്ന ആളിനെയാണ്. അയാളും മിസ്റ്റർ ശേഷന്റെ ഒരു അനുകൂലിയാണെന്നും അതു കളക്ടർ അയച്ച പാനലിൽ പോലും ഇല്ലെന്നും ഐ. എസ്. പി. നേതാക്കളും ആരോപണം ഉന്നയിച്ചിരിക്കേ അതിനെപ്പറ്റി അന്വേഷിക്കാനും പാനലിൽ പേരുണ്ടെങ്കിൽ മേൽപ്പുറത്തുവയ്ക്കാനും ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ: അന്വേഷിക്കേണ്ട കാര്യമുണ്ടെന്നു തോന്നുന്നില്ല. നിയമിച്ച ആളുകൾക്ക് മന്ത്രിമാരും മന്ത്രിമാരല്ലാത്തവരും ഒക്കെ ബന്ധുക്കളും കാണും. അതേപ്പറ്റി അന്വേഷിക്കേണ്ട ചുമതല ഗവൺമെന്റിനില്ല.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): പാനലിൽ പേരില്ലെന്നു കേൾക്കുന്ന ആരോപണത്തെപ്പറ്റി അന്വേഷിക്കാമോ?

ശ്രീ. സി. അച്യുതമേനോൻ: അതെപ്പറ്റിയുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയത്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ഇന്ന ആളിന്റെ പേര് അയയ്ക്കണമെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: ഇന്ന ആളെ അയയ്ക്കണമെന്നു പരാതിപ്പെട്ടിട്ടില്ല. എത്ര കേസുകൾ നടത്തിയിട്ടുണ്ട്, എത്ര ഇൻകംടാക്സ് കൊടുക്കുന്നുണ്ട് പ്രാക്ടീസുള്ള ആളുകളാണോ എന്നൊക്കെ നോക്കും. അല്ലാത്തവരുടെ പേര് അയയ്ക്കുന്നത് മുൻഗവൺമെന്റിന്റെ ഏർപ്പാടാണോ എന്നറിഞ്ഞുകൂടാ. ഈ ഗവൺമെന്റ് അങ്ങനെയല്ല.

ശ്രീ. എം. കെ. എ. ഹമീദ്: ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ഏറെനാൾ കഴിയുന്നതിനുമുൻപ്തന്നെ 5 ഗവൺമെന്റ് ഒഫീഡർമാരുടെ നിയമനംനടന്നു. ഇങ്ങനെ വരുമ്പോഴെല്ലാംതന്നെ രേണുകകക്ഷിയിലെ നേതാക്കൻമാരുമായി രക്തബന്ധമുള്ളവരാണ് നിയമിക്കപ്പെട്ടതെന്ന് പത്രങ്ങളിലും രാഷ്ട്രീയരംഗങ്ങളിലും ആരോപണമുണ്ടായി. ഇങ്ങനെ സംഭവിച്ചുപോയത് യാദൃശ്ചികമായിട്ടാണെന്നാണോ മുഖ്യമന്ത്രിയുടെ അഭിപ്രായം?

ശ്രീ. സി. അച്യുതമേനോൻ: ഞാൻ അതേപ്പറ്റി വ്യക്തമായ മറുപടി പറഞ്ഞു. അഡ്വക്കേറ്റ് ജനറൽ തന്ന പാനലിൽ നിന്നാണ് നിയമിച്ചത്. അതും മുൻഗവൺമെന്റ് ഇരുന്നപ്പോഴും ഉണ്ടായിരുന്ന പാനലിൽനിന്നാണ്. രക്തബന്ധത്തെപ്പറ്റി അന്വേഷിക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല. അവരുടെ 'നില' എന്താണ് എന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാരോടന്വേഷിക്കും. അതിന്റെ അടിസ്ഥാനത്തിൽ പാനൽ അയയ്ക്കും. അതിൽനിന്നാണ് നിയമിക്കുന്നത്. പിന്നെ എനിക്കു പേഴ്സണലായി അറിയാവുന്ന കാര്യം ഇവിടെ പറഞ്ഞു എന്നേയുള്ളു.

ശ്രീ. ഇ. എം. ജോർജ്ജ്: ഡിസ്ട്രിക്ട ജഡ്ജിയുടെയും ഡിസ്ട്രിക്ട് കളക്ടറുടെയും ലാ ഡിപ്പാർട്ടുമെന്റിന്റെയും അസന്നിഗ്ദ്ധമായ നിർദ്ദേശങ്ങൾക്കു വിധേയമായി മാവേലിക്കരയിൽ ഒരു അസിസ്റ്റന്റ് പബ്ലിക്ക് പ്രോസിക്യൂട്ടറുടെ പോസ്റ്റ് ഈ ഗവൺമെന്റ് അടുത്ത ദിവസം സാങ്ഷൻചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ ആരെ ഉദ്ദേശിച്ചാണ്?

ശ്രീ. സി. അച്യുതമേനോൻ: സാങ്ഷൻ ചെയ്തിട്ടുണ്ടോ എന്നറിയുകയില്ല. ഇതുവരെ അങ്ങനെയൊരു കടലാസിൽ ഒപ്പിട്ടതായി എനിക്ക് ഓർമ്മയില്ല.

ശ്രീ. ഇ. എം. ജോർജ്: അടുത്തദിവസം നമ്മുടെ രേണുകകക്ഷിയിലെ ഒരു നിയമസഭാസാമാജികൻ മുഖ്യമന്ത്രിയുടെ മുറിയിൽ കയറിച്ചെന്ന് ഈ പോസ്റ്റ് സാങ്ഷൻചെയ്തില്ലെങ്കിൽ ഞാൻ പിന്തുണ പിൻവലിക്കും എന്നു പറഞ്ഞു ഭീഷണിപ്പെടുത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ: അങ്ങനെ യാതൊന്നും ഉണ്ടായിട്ടില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: സർ, ഈ നാട്ടിലെ.....

ശ്രീ. ഇ. എം. ജോർജ്ജ്: ഉണ്ടെങ്കിൽ ഉണ്ടെന്നു പറയണം.

Shri C. H. Muhammed Koya: Sir, on a point of order. The rule regarding the conditions of admissibility of questions says: 35 (2): A question, in order to be admissible, shall be governed by the following conditions:—

x x x x

(b) if it contains a statement the member shall make himself responsible for the accuracy of the statement.

മി. സ്പീക്കർ: ചോദ്യോത്തരസമയത്ത് പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കാൻ പാടില്ല.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: സർ, മന്ത്രിയായാലും ചോദ്യോത്തരസമയത്ത് പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കാൻപാടില്ല.

മി. സ്പീക്കർ: അതാണല്ലോ ഞാൻ പറഞ്ഞത്.

ശ്രീ. ഇ. എം. ജോർജ്ജ്: ബന്ധപ്പെട്ട കക്ഷികളും വച്ചിരിക്കുന്ന ശുപാർശകളും മുഴുവൻ ഒന്നു ചർച്ചചെയ്യാൻ സമയം തരണം.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: സർ, ഈ നാട്ടിലെ ഒരു പൗരൻ ഒരു ഉദ്യോഗാർത്ഥി എന്നുള്ള നിലയിൽ ഉദ്യോഗത്തിനുവരുമ്പോൾ ബന്ധുക്കളാരെങ്കിലും സർക്കാരിലുണ്ടോ നിയമസഭാസാമാജികൻമാരാണോ പ്രതിപക്ഷത്താണോ എന്നു നോക്കാതെ അർഹതനോക്കി ഉദ്യോഗം ലഭിക്കാൻ അർഹതയില്ലേ? ഇങ്ങനെയുള്ള ആരെങ്കിലും ഈ സഭയുടെ ഇപ്പുറത്തുണ്ട് എന്നുള്ള കാര്യം അതിൻെറ അർഹത നിഷേധിക്കപ്പെടാൻ സാധ്യതയുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: അങ്ങനെയല്ല, യോഗ്യത നോക്കിയിട്ടാണ് നിയമിക്കുന്നത്. ഒരുപക്ഷേ യോഗ്യതയുള്ള ആളുകൾക്ക് നിയമസഭയിൽ ബന്ധുക്കളും സ്നേഹിതൻമാരുമൊക്കെ കണ്ടെക്കാം. അതുകൊണ്ട് ഇതൊരു പ്രസക്തമായ ചോദ്യമല്ല.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ഇൻകംടാക്സ് കൊടുക്കുന്ന എത്ര ആളുകളെ ഗവൺമെൻറ് പ്ലീഡർമാരായി നിയമിക്കുകയുണ്ടായി എന്നിവിടെ ചോദിക്കുകയുണ്ടായി. ഈ ഗവൺമെൻറ് അധികാരത്തിൽവരുന്നതിനു മുൻപ് നിയമിച്ചതും ഇന്ന് അധികാരത്തിൽ തുടരുന്നതുമായ ആളുകൾ കോളേജിൽനിന്ന് നേരേ പുറത്തുവരികയും പാർട്ടിയാഫീസിൽ ഏതാനുംകൊല്ലം പ്രവർത്തിക്കുകയുംചെയ്തു എന്നുള്ള കാരണംകൊണ്ടുമാത്രം അർഹതയാക്കി കണക്കാക്കി നിയമനം നടത്തിയ ആളുകൾ എത്രയുണ്ട്, സർവ്വീസിലുള്ളവർ എത്രയുണ്ടെന്നു ചൂണ്ടിക്കാണിച്ചാൽ പരിശോധിക്കുമോ? അവർ ഇൻകംടാക്സ് കൊടുക്കാത്തവരാണെന്നു ബോധ്യപ്പെട്ടാൽ അവരെ നീക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. സി. അച്യുതമേനോൻ: അതു പ്രത്യേക ചോദ്യമായി ചോദിക്കുകയാണെങ്കിൽ വിവരം ശേഖരിച്ച് സഭ മുമ്പാകെ വയ്ക്കാം. മൂന്നു കൊല്ല

LIBRARY ARCHIVES Kerala Legislative Assembly

ത്തേക്കു നടന്ന നിയമനം റദ്ദു ചെയ്യാൻ ഗവൺമെന്റിനധികാരമുണ്ടോ എന്നുള്ളത് അറിയാൻവയ്യ. അതുകൊണ്ടു ലാ ഡിപ്പാർട്ടുമെന്റുമായി ആലോചിച്ചേ മറുപടി പറയാനൊക്കുകയുള്ളു.

ശ്രീമതി കെ. ആർ. ഗൗരി: എറണാകുളത്തെ ഗവൺമെന്റ് പ്ലീഡർ കെ. എം. ജോസഫ് എന്ന ആളിന്റെ പേര് ആദ്യത്തെ ലിസ്റ്റിൽ ഉണ്ട്. അദ്ദേഹം ശ്രീ. കെ. എം. ജോർജിന്റെ സഹോദരനാണെന്നുള്ളതു ശരിയാണോ?

ശ്രീ. കെ. എം. ജോർജ്ജ്: സർ, എനിക്കു ഏകസഹോദരനാണുള്ളത്. ചാക്കോ എന്നാണു പേര്. ആറോ ഏഴോ ക്ലാസേ പഠിച്ചിട്ടുള്ളു. കൃഷിക്കാരനാണ്.

ശ്രീമതി കെ. ആർ. ഗൗരി: ആണോ എന്നാണു ചോദിച്ചത്. മുഖ്യമന്ത്രി മറുപടി പറഞ്ഞാൽ മതി.

ശ്രീ. സി. അച്യുതമേനോൻ: എന്നെക്കാളും ആധികാരികമായി പറയാൻ അധികാരമുള്ള ആളാണല്ലോ മറുപടി പറഞ്ഞത്.

ശ്രീമതി കെ. ആർ. ഗൗരി: ആദ്യത്തെ ലിസ്റ്റിൽ ഉണ്ടായിരുന്ന ആളാണോ?

ശ്രീ. സി. അച്യുതമേനോൻ: ആദ്യത്തെ ലിസ്റ്റിൽ ഉണ്ടായിരുന്ന ആളല്ല. 260 രൂപ ഇൻകംടാക്സ് കൊടുത്തിരുന്ന ആളാണ്.

ശ്രീമതി കെ. ആർ. ഗൗരി: കോട്ടയം ഡിസ്ട്രിക്ട് ഗവൺമെന്റ് പ്ലീഡറായി നിയമിച്ചിരിക്കുന്ന പി. എൻ. കേശവൻ മുൻപു കളക്ടറായിരുന്ന (കളക്ടറെന്നു പറഞ്ഞാൽ മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന കളക്ടർ) ആളിന്റെ ആളാണോ?

ശ്രീ. സി. അച്യുതമേനോൻ: ശ്രീ. പി. എൻ. കേശവൻ പണ്ടു സ്റ്റേറ്റ് കോൺഗ്രസ്സിന്റെ പ്രവർത്തകനായിരുന്നു. 1948-ൽ അദ്ദേഹം പാർട്ടിയിൽനിന്ന് രാജിവച്ചുപോയി. അതിനുശേഷം രാഷ്ട്രീയരംഗത്ത് കാര്യമായൊന്നും പ്രവർത്തിക്കാതെ വക്കീൽപ്പണി നോക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ശ്രീമാൻ ജയചന്ദ്രനാണ്. ആ പ്രൈവറ്റ് സെക്രട്ടറി അയച്ച ലിസ്റ്റിൽ നിന്നാണോ എടുത്തതെന്നാണു ചോദിച്ചത്.

ശ്രീ. സി. അച്യുതമേനോൻ: ചില സ്ഥലത്ത് രണ്ടാമതു ലിസ്റ്റു വരുത്താറുണ്ട്.

WRITTEN ANSWERS

പ്ലാനിംഗ് കൗൺസിൽ

* 162 [594] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത ഒരു പ്ലാനിംഗ് കൗൺസിൽ രൂപീകരിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly.

APPENDIX I

*Vide answer to Question No. *161 (592) dated 11-3-1970*

ഈ ഗവൺമെൻറധികാരത്തിൽ വന്നതിനുശേഷം നിയമിച്ചിട്ടുള്ള ഗവൺമെൻറ് പ്ലീഡർമാരുടേയും, പബ്ലിക് പ്രോസിക്യൂട്ടർമാരുടേയും, അസിസ്റ്റൻറ് പബ്ലിക് പ്രോസിക്യൂട്ടർമാരുടേയും ലിസ്റ്റ്

ഹൈക്കോടതി		സബോർഡിനേറ്റു കോടതികളും		
ഗവൺമെൻറു പ്ലീഡർ	ജൂനിയർ ഗവൺമെൻറ് പ്ലീഡർ	ഡിസ്ട്രിക്റ്റ് ഗവൺമെൻറ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ	അഡീഷണൽ ഗവൺമെൻറ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ	അസിസ്റ്റൻറ് പബ്ലിക് പ്രോസിക്യൂട്ടർ
ശ്രീ. പി. പി. അനന്ത നാരായണയ്യർ	ശ്രീ. സി. എസ്. രാജൻ	ശ്രീമതി എസ്. ഭഗവതി ലക്ഷ്മി (തിരുവനന്തപുരം)	ശ്രീ. എസ്. മൊഹമ്മദ് സെയ്തു (തിരുവനന്തപുരം)	ശ്രീ.പി. ശ്രീധരൻ (കൊല്ലം)
,, എം.ബി. കുറുപ്പ്	,, കെ. ആർ. കുറുപ്പ്	ശ്രീ. കെ. ബാല കൃഷ്ണമേനോൻ (തൃശൂർ)	,, വി. എൻ. ലായിഡ് (തിരുവനന്തപുരം)	,, കെ. പി. അബ്ദുൽ ജലീൽ (തൃശൂർ)
,, വി. ഒ. ജോൺ	,, പി. വി. പോറ്റം	,, കെ. സി. തങ്കപ്പൻ പിള്ള (കൊല്ലം)	,, ജി. പി. മോഹന ചന്ദ്രൻ നായർ (തിരുവനന്തപുരം)	
,, ബി. മൂസാകുട്ടി	,, കെ. രാധാകൃഷ്ണ പണിക്കർ	,, പി.എൻ. കേശവൻ (കോട്ടയം)	,, ജി. ജോൺ (മാവേലിക്കര)	
,, കെ. സുകുമാരൻ	,, പി. എൻ. രാജൻ ,, കെ. വിജയൻ	,, കെ.എം. ജോസഫ് (എറണാകുളം) ,, പി. എൻ. കൃഷ്ണൻകുട്ടി അഛൻ (പാലക്കാട്) ,, പി. എസ്. ഭരത അയ്യർ (കോഴിക്കോട്)	,, പി. ആർ. രാമ കൃഷ്ണൻ (പാലക്കാട്)	